സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഞാൻ എപ്പോഴാണ് പക്വത ഇല്ലാതെ പെരുമാറിയിട്ടുള്ളത്– ചോദ്യങ്ങളുമായി പി.വി അൻവർ

കോഴിക്കോട്: പി.വി അൻവർ ബേപ്പൂരിൽ സ്ഥാനാർഥിയാവുമെന്നും വിജയിച്ച് എംഎൽഎ ആയി വരുമെന്നും മാധ്യമങ്ങളോട് പറഞ്ഞത് കെപിസിസി അധ്യക്ഷൻ സണ്ണിജോസഫാണ്. എന്നാൽ ആരെയും സ്ഥാനാർഥിയായി പ്രഖ്യാപിച്ചിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ മറുപടി പറഞ്ഞതോടെ ആശങ്കയിലുമായി. ഇതിന് പിന്നാലെ ഫെയ്സ്ബുക്ക് പോസ്റ്റുമായി എത്തിയിരിക്കുകയാണ് പി.വി അൻവർ.ചോദ്യങ്ങൾ ആരോടെന്ന് വ്യക്തമാക്കാതെയും എന്നാൽ കൃത്യമായ സൂചന നൽകുന്നതുമായ അൻവറിന്റെ പോസ്റ്റ് ഇപ്പോൾ ചർച്ചയായിരിക്കുകയുമാണ്.

www.swathanthramandapam.com വാല്യം: 60 ലക്കം: 271 2026 ഫെബ്രുവരി 09 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

തുടർഭരണമല്ല, ജനാധിപത്യത്തിന് കരുത്തുറ്റ പ്രതിപക്ഷമാണ് ആവശ്യം: എം വി ഗോവിന്ദന് മറുപടിയുമായി സച്ചിദാനന്ദൻ

തൃശ്ശൂർ: ഇടതുസർക്കാരിന്റെ തുടർഭരണം സംബന്ധിച്ച തന്റെ നിരീക്ഷണങ്ങളിൽ വിശദീകരണവുമായി എഴുത്തുകാരനും കേരള സാഹിത്യ അക്കാദമി പ്രസിഡന്റുമായ കെ. സച്ചിദാനന്ദൻ. ഒരു പാർട്ടിക്ക് തുടർഭരണം ലഭിക്കുന്നത് അത്ര നല്ല ആശയമല്ലെന്നും, ബംഗാളിലെ അനുഭവം മുൻനിർത്തിയാണ് താൻ ഇത് പറയുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

പലപ്പോഴും പാർട്ടി പോലും ആഗ്രഹിക്കാത്ത തരം ആളുകളും അവസരവാദികളും ഭരണസംവിധാനത്തിലേക്ക് കടന്നുവരാനും സ്വന്തം ആവശ്യങ്ങൾക്കായി പാർട്ടിയെ ഉപയോഗിക്കാനും സാഹചര്യമുണ്ടാകുന്നുണ്ട്. ഇത്തരം ഒരു തകർച്ച ഇടതുപക്ഷത്തിന് ഉണ്ടാകാതിരിക്കണമെങ്കിൽ പ്രതിപക്ഷത്തിരുന്നുള്ള സജീവമായ പ്രവർത്തനം ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജനാധിപത്യത്തെ അർഥവത്താക്കുന്നത് കരുത്തുറ്റ പ്രതിപക്ഷമാണെന്നും, പ്രതിപക്ഷത്തിരിക്കുന്നത് പാർട്ടിയുടെ ശക്തി വർധിപ്പിക്കാനുള്ള വഴിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ബംഗാളിലെ അവസ്ഥയിലേക്ക് ഇതുവരെ എത്തിയിട്ടില്ലെങ്കിലും, വീണ്ടും ഒരു ഭരണം കൂടി ലഭിച്ചാൽ അങ്ങനെയൊരു പതനത്തിനുള്ള സാധ്യത വളരെ കൂടുതലാണെന്നും സച്ചിദാനന്ദൻ പറഞ്ഞു. അധികാരമോഹികൾ പാർട്ടിയിൽ വന്നുചേരുന്നത് പാർട്ടിയുടെ അടിസ്ഥാന സ്വഭാവത്തെ തന്നെ ഇല്ലാതാക്കാനും ജനങ്ങളിൽ നിന്ന് പാർട്ടിയെ അകറ്റാനും കാരണമാകും.



നിലവിലെ സർക്കാരിന്റെ കീഴിൽ വികസനം, പരിസ്ഥിതി സംരക്ഷണം, സാക്ഷരത, മലയാള ഭാഷയ്ക്ക് നൽകുന്ന പ്രാധാന്യം തുടങ്ങി നിരവധി നല്ല കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിലും സർക്കാർ ഓഫീസുകൾ കൂടുതൽ ജനസൗഹൃദമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. അതേസമയം തന്നെ, ഭരണനേതൃത്വത്തെയോ പാർട്ടിയെയോ വിമർശിക്കാൻ പൊതുജനങ്ങൾക്ക് ഭയമുണ്ടാകുന്ന സാഹചര്യം ഉണ്ടെന്നും അദ്ദേഹം വിമർശിച്ചു. കൂടാതെ, വോട്ട് ലക്ഷ്യമാക്കി ഭൂരിപക്ഷ സമുദായങ്ങളെ പ്രീണിപ്പിക്കാനുള്ള മതേതര പാർട്ടികളുടെ ശ്രമങ്ങൾ ജനാധിപത്യത്തിന് ഭീഷണിയാണെന്നും അദ്ദേഹം പറഞ്ഞു.

ആശയപരമായ തലത്തിൽ, സിപിഐഎം ഒരു സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയായി മാറണമെന്നാണ് തന്റെ അഭിപ്രായമെന്ന് സച്ചിദാനന്ദൻ വ്യക്തമാക്കി. പഴയകാലത്തെ സായുധ വിപ്ലവങ്ങളെക്കുറിച്ചുള്ള സംസാരങ്ങളിൽ കാപട്യമുണ്ടെന്നും സോവിയറ്റ് യൂണിയന്റെ തകർച്ചയും സ്റ്റാലിനിസവും ചൈനയുടെ സാമ്രാജ്യത്വ സ്വഭാവവും ഇതിന് ഉദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു. വലിയ രാജ്യങ്ങളിൽ കമ്മ്യൂണിസം പരാജയപ്പെടുന്ന കാഴ്ചയാണ് നാം കണ്ടത്, അതിനാൽ സോഷ്യലിസം ലക്ഷ്യമാക്കിയുള്ള ജനാധിപത്യത്തിലാണ് ഇന്ത്യൻ പാർട്ടികൾ വിശ്വസിക്കേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർഭരണം പാർട്ടിയെ നശിപ്പിക്കുമെന്നും തുടർച്ചയായ ഭരണത്തേക്കാൾ ജനാധിപത്യത്തിന് ഗുണകരമാകുക മാറിമാറിയുള്ള ഭരണമാണെന്ന് സച്ചിദാനന്ദൻ കഴിഞ്ഞ ദിവസം അഭിപ്രായപ്പെട്ടിരുന്നു.

ബംഗാളിലെ കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ വീഴ്ച ഉദാഹരണമായി ചൂണ്ടിക്കാട്ടിയായിരുന്നു സച്ചിദാനന്ദന്റെ നിരീക്ഷണം. ദീർഘകാലം അധികാരത്തിലിരുന്നപ്പോൾ ബംഗാളിൽ ഒരു വിഭാഗം അടിച്ചമർത്തപ്പെട്ടുവെന്നും നീതി നിഷേധം ഉണ്ടായെന്നും അദ്ദേഹം പറഞ്ഞു. സി.പി.എം മൂന്നാം ഭരണത്തിനായി പ്രചാരണം നടത്തുന്നതിനിടെ സി.പി.എം സഹയാത്രികൻ കൂടിയായ സച്ചിദാനന്ദൻഇത്തരമൊരു നിലപാട് സ്വീകരിച്ചത് രാഷ്ട്രീയ കേന്ദ്രങ്ങളിൽ വലിയ ചർച്ചയായിരുന്നു.

സച്ചിദാനന്ദന്റെ മുൻപത്തെ ലേഖനത്തോട് പ്രതികരിച്ച സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ, അത് അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായം മാത്രമാണെന്ന് പറഞ്ഞിരുന്നു. ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന സൂചനയായിട്ടാണ് ഇതിനെ കാണുന്നതെന്നും, ഇടതുപക്ഷത്തിന് ആത്യന്തികമായ വിജയമോ പരാജയമോ ഇല്ലെന്നും ഗോവിന്ദൻ പ്രതികരിച്ചിരുന്നു. ഏത് വിമർശനവും ഉൾക്കൊള്ളാൻ പാർട്ടി തയ്യാറാണെന്നും എന്നാൽ നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ ഈ ഗവൺമെന്റ് തുടരേണ്ടത് അത്യാവശ്യമാണെന്നും ഗോവിന്ദൻ പറഞ്ഞിരുന്നു.

ഇതിനിടെ, സച്ചിദാനന്ദൻ പാർട്ടി പ്രവർത്തകനല്ലെന്നും ഒരു ഇടതുപക്ഷ അഭ്യുദയകാംക്ഷി മാത്രമാണെന്ന് കെ.കെ ശൈലജ ടീച്ചറും പ്രതികരിച്ചു. വികസനത്തിന്റെ തുടർച്ചയ്ക്കായി ഇടതുപക്ഷ സർക്കാർ വീണ്ടും വരണമെന്നാണ് മുന്നണിയുടെ നിലപാടെന്നും അവർ വ്യക്തമാക്കി.

പാളികളിൽ വീണ്ടും പരിശോധന നടത്താൻ ഹൈക്കോടതി നിർദേശം

കൊടിമരത്തിൽ പ്രത്യേക അന്വേഷണം

കൊച്ചി: ശബരിമല സ്വർണപാളിയിലെ സാമ്പിളുകൾ വീണ്ടും ശേഖരിച്ച് പരിശോധന നടത്താൻ പ്രത്യേക അന്വേഷണ സംഘത്തിന് (എസ്ഐടി) ഹൈക്കോടതി നിർദേശം നൽകി. വിഎസ്എസ്സിയിലായിരുന്നു സാമ്പിളുകൾ ആദ്യം പരിശോധനയ്ക്കായി അയച്ചത്. മറ്റൊരു ഏജൻസിയിൽ കൂടി പരിശോധന നടത്തണമെന്ന് എസ്ഐടി ഹൈക്കോടതിയിൽ ആവശ്യപ്പെട്ടിരുന്നു. ഇതാണ് ഇപ്പോൾ ഹൈക്കോടതി അംഗീകരിച്ചിരിക്കുന്നത്. പാളികൾ ഏതെങ്കിലും തരത്തിൽ മാറിയോ, എത്രമാത്രം സ്വർണം ഇപ്പോൾ പാളിയിലുണ്ട് എന്നിവയാണ് പരിശോധിക്കുന്നത്.

അടച്ചിട്ട മുറിയിലാണ് കേസിന്റെ വാദം നടന്നത്. കേസിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് കോടതി ചില നിർദേശങ്ങളും നൽകിയിട്ടുണ്ടെന്നാണ് വിവരം. ഇന്ന് ചില സാക്ഷികളെ കോടതി വിസ്തരിച്ചു. ശബരിമലയിലെ കൊടിമരത്തിലും പ്രത്യേക അന്വേഷണം നടത്തും. കേസിൽ ഇടക്കാല ഉത്തരവാണ് കോടതി പറഞ്ഞത്. ഫെബ്രുവരി 19ന് വീണ്ടും കേസ് പരിഗണിക്കും.

ഹൈക്കോടതിയിൽ അന്വേഷണ പുരോഗതി റിപ്പോർട്ടും എസ്ഐടി നൽകിയിരുന്നു. റിപ്പോർട്ട് പരിശോധിച്ച കോടതി ചില സംശയങ്ങൾ ഉന്നയിച്ചിരുന്നു. ഇതിൽ വ്യക്തത വരുത്തുന്നതിനായി വിഎസ്എസ്സിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് പാളികളുടെ സാമ്പിളുകൾ വീണ്ടും പരിശോധന നടത്താൻ തീരുമാനിച്ചത്.

സ്വർണം പൊതിഞ്ഞ ചെമ്പുപാളികൾ മൊത്തത്തിൽ കടത്തി പുതിയ പാളികൾ സ്ഥാപിച്ചതാണോ എന്നതിലാണ് വിഎസ്എസ്സിയുടെ റിപ്പോർട്ടിൽ ആശയക്കുഴപ്പമുണ്ടായത്. കൃത്യമായ ഉത്തരം വിഎസ്എസ്സിയുടെ റിപ്പോർട്ടിലുമില്ല. 1998ൽ മെർക്കുറി ഉപയോഗിച്ചാണ് യുബി ഗ്രൂപ്പ് ശബരിമല ശ്രീകോവിലിലെ കട്ടിളപ്പാളി സ്വർണം പൊതിഞ്ഞത്. എന്നാൽ ചില പാളികളിൽ മാത്രം മെർക്കുറിയുടെ അംശം തീരെ കാണുന്നില്ലെന്നാണ് പരിശോധനാ റിപ്പോർട്ട്. മാസപൂജയ്ക്കായി അടുത്ത ആഴ്ച നട തുറന്നശേഷം സാമ്പിൾ ശേഖരിക്കാനാണ് തീരുമാനമെന്നാണ് വിവരം.

16കാരിയെ പീഡിപ്പിക്കാൻ ശ്രമം; ജോത്സ്യൻ പിടിയിൽ

കൊല്ലം: പുത്തൂരിൽ ബാധ ഒഴിപ്പിക്കാനെത്തിയ പതിനാറുകാരിയെ പീഡിപ്പിക്കാൻ ശ്രമിച്ചെന്ന പരാതിയിൽ ജ്യോത്സ്യനെതിരെ പോക്സോ കേസ്. വെണ്ടാർ സ്വദേശി വി.എസ്. മുരാരിയെന്ന രാജേന്ദ്രൻ ബാബുവിനെതിരെയാണ് പുത്തൂർ പോലീസ് കേസെടുത്തത്. അമ്മയ്ക്കൊപ്പമെത്തിയതായിരുന്നു പെൺകുട്ടി.

അമ്മയെ പുറത്തിരുത്തി പെൺകുട്ടിയെ മുറിയിലേക്കു കൂട്ടിക്കൊണ്ടു പോവുകയും കടന്നു പിടിക്കുകയുമായിരുന്നുവെന്ന് പോലിസിനു നൽകിയ പരാതിയിൽ പറയുന്നു. നിലവിളിച്ചു ബഹളം വച്ച പെൺകുട്ടി പുറത്തേക്ക് ഓടി രക്ഷപ്പെട്ടു. നാട്ടുകാർ ഓടിയെത്തിയപ്പോഴേക്കും പിൻവാതിലിലൂടെ ജ്യോത്സ്യൻ കടന്നു കളഞ്ഞതായാണ് പരാതി.

വ്യാപക തിരച്ചിലിനൊടുവിൽ പുത്തൂർ പൊലീസ് ജോത്സ്യനെ പിടികൂടി. കൊട്ടാരക്കര വെണ്ടാറിൽ വീട്ടിൽ തന്നെയാണ് ജ്യോതിഷാലയം. വി. രാജേന്ദ്ര ബാബു(55) എന്ന ശരിയായ പേരു മാറ്റി മുരാരി തന്ത്രി എന്ന പേരിലാണ് ജ്യോത്സ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. സോഷ്യൽ മീഡിയയിലും താരമാണ് മുരാരി തന്ത്രി.

പിഎം കെയേഴ്സ് ഫണ്ടിനെപ്പറ്റി പാർലമെന്റിൽ ചോദ്യം വേണ്ടെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ്

ന്യൂഡൽഹി: പിഎം കെയേഴ്സ് ഫണ്ട്, പിഎം ദേശീയ ദുരിതാശ്വാസ ഫണ്ട്, ദേശീയ പ്രതിരോധ ഫണ്ട് എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ലോക്സഭയിൽ അനുവദിക്കേണ്ടതില്ലെന്ന് ലോക്സഭാ സെക്രട്ടേറിയറ്റിന് പ്രധാനമന്ത്രിയുടെ ഓഫീസ് നിർദേശം നൽകി. ഈ ഫണ്ടുകളിലെ പണം സർക്കാരുമായി ബന്ധപ്പെട്ടതല്ലെന്നാണ് പ്രധാനമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കുന്നത്. ഈ ഫണ്ടുകൾ സമാഹരിക്കുന്നത് പൊതുജനങ്ങളിൽ നിന്നായതിനാൽ സർക്കാരിന്റെ നേരിട്ടുള്ള ഉത്തരവാദിത്വമല്ലെന്നും പ്രധാനമന്ത്രിയുടെ ഓഫീസ് ചൂണ്ടിക്കാട്ടുന്നു.

ലോക്സഭാ നടത്തിപ്പ് ചട്ടങ്ങളുമായി ബന്ധപ്പെട്ട റൂൾ 41(2) (viii), 41(2)(xvii) എന്നിവ പ്രകാരം ഈ മൂന്നു ഫണ്ടുകളുമായി ബന്ധപ്പെട്ട ചോദ്യങ്ങളും നടപടികളും അനുവദനീയമല്ലെന്നാണ് പ്രധാനമന്ത്രിയുടെ ഓഫീസ് ലോക്സഭാ സെക്രട്ടേറിയറ്റിനെ അറിയിച്ചിരിക്കുന്നത്. സർക്കാറിന്റെ പരിഗണനയിൽ ഇല്ലാത്തതോ സർക്കാരിന് പ്രാഥമികമായി ഉത്തരവാദിത്വമില്ലാത്ത സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുമായി ബന്ധപ്പെട്ടതോ ആയ ചോദ്യങ്ങൾ ഉന്നയിക്കരുതെന്നാണ് ഈ ചട്ടങ്ങളിൽ പറയുന്നത്.

ഈ ഫണ്ടുകൾ പൊതുജനങ്ങൾ സ്വമേധയാ നൽകുന്ന സംഭാവനകൾ അടിസ്ഥാനമാക്കി രൂപീകരിച്ചവയാണെന്നും ഇവ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ ഭാഗമല്ലെന്നുമാണ് വിശദീകരണം. ഈ മൂന്നു ഫണ്ടുകളേക്കുറിച്ചുള്ള ചോദ്യങ്ങളോ സീറോ അവർ നോട്ടീസുകളോ വന്നാൽ അവ അനുവദിക്കണമോ എന്ന് തീരുമാനിക്കാൻ മുകളിൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കണമെന്നും നിർദേശത്തിൽ പറയുന്നു.

അതേസമയം, രാജ്യത്തെ ജനങ്ങൾക്കും പാർലമെന്റ് അംഗങ്ങൾക്കും ഈ ഫണ്ടുകളുടെ നടത്തിപ്പിനെക്കുറിച്ച് അറിയാൻ അവകാശമുണ്ടെന്നും അതിനാൽ ഈ വിഷയം പാർലമെന്റിൽ ശക്തമായി ഉന്നയിക്കുമെന്നുമാണ് പ്രതിപക്ഷ അംഗങ്ങളുടെ തീരുമാനം.

കോവിഡ് പോലുള്ള അടിയന്തര സാഹചര്യങ്ങൾക്കായി പണം സ്വരൂപിക്കുന്നതിനായുള്ള ചാരിറ്റബിൾ ട്രസ്റ്റാണ് പിഎം കെയേഴ്സ്. പ്രകൃതി ദുരന്തം, അപകടം, കലാപം എന്നിവ ബാധിച്ചവർക്കാണ് പിഎം ദേശീയ ദുരിതാശ്വാസ ഫണ്ട് വഴി സഹായം ലഭിക്കുന്നത്. സായുധ, അർധസൈനിക സേനകളിലെ അംഗങ്ങളുടെ ക്ഷേമത്തിനും കുടുംബങ്ങളെ സഹായിക്കുന്നതിനുമായാണ് എൻഡിഎഫ് ആരംഭിച്ചത്.

കടകംപള്ളിയെയും അടൂർപ്രകാശിനെയും ചോദ്യം ചെയ്തതടക്കം പരിശോധിക്കും

കൊച്ചി: ശബരിമല സ്വർണക്കൊള്ളയിൽ സ്വമേധയാ എടുത്ത കേസ് ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും. ശ്രീകോവിലിന് മുന്നിലെ സ്വർണപ്പാളികൾ ഉണ്ണികൃഷ്ണൻ പോറ്റി അടക്കമുള്ള പ്രതികൾ മാറ്റിയോ എന്ന കാര്യത്തിൽ എസ്ഐടിയോട് വ്യക്തത തേടിയിട്ടുണ്ട്. വിഎസ്എസ്സിയിലെ ഉദ്യോഗസ്ഥരെ കണ്ട് വിശദമായ റിപ്പോർട്ട് എസ്ഐടി തയ്യാറാക്കിയിരുന്നു. ആദ്യ റിപ്പോർട്ടിൽ അവ്യക്തതയുള്ളതിനാൽ വിശദമായ റിപ്പോർട്ട് ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. ജസ്റ്റിസുമാരായ എ രാജാ വിജയരാഘവൻ, കെ വി ജയകുമാർ എന്നിവരടങ്ങിയ ദേവസ്വം ബഞ്ചാണ് വിഷയം പരിഗണിക്കുന്നത്.

കടകംപള്ളി സുരേന്ദ്രൻ, അടൂർ പ്രകാശ് അടക്കമുള്ളവരെ ചോദ്യം ചെയ്തതിന്റെ വിശദാംശങ്ങൾ ഉൾപ്പടെ ഇതുവരെയുള്ള കണ്ടെത്തലുകൾ കോടതിക്ക് കൈമാറും. അടച്ചിട്ട കോടതി മുറിയിലാണ് നടപടിക്രമങ്ങൾ നടക്കുന്നത്. പ്രത്യേകസംഘത്തിന്റെ അന്വേഷണം തൃപ്തികരമാണെന്ന് ഹൈക്കോടതി നേരത്തെ അഭിപ്രായപ്പെട്ടിരുന്നു.

അതേസമയം, ഉണ്ണികൃഷ്ണൻ പോറ്റിയും കടകംപള്ളി സുരേന്ദ്രനും ഒന്നിച്ച് നിൽക്കുന്ന പുതിയ ചിത്രം ഇന്നലെ പുറത്തുവന്നിരുന്നു. രാഷ്ട്രീയ ബന്ധങ്ങൾ സ്വർണകൊള്ളയ്ക്കായി പോറ്റി ഉപയോഗിച്ചിട്ടുണ്ടെന്ന് പ്രത്യേക അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കടകംപള്ളിക്ക് പോറ്റിയുമായുള്ള ബന്ധത്തിൽ കൂടുതൽ വ്യക്തത വരുത്തണം. ഇതുകൂടി ഉൾപ്പെടുത്തിയാകും കുറ്റപത്രം നൽകുക. ശബരിമലയിലെ സ്പോൺസർ എന്ന പരിചയം മാത്രമേ പോറ്റിയുമായുള്ളൂ എന്നാണ് നേരത്തേ ചോദ്യം ചെയ്തപ്പോൾ കടകംപള്ളി മൊഴി കൊടുത്തത്. ഒരിക്കൽ മാത്രമേ പോറ്റിയുടെ വസതിയിൽ പോയിട്ടുള്ളൂവെന്നും പറഞ്ഞിരുന്നു. നിരവധി തവണ കടകംപള്ളിയെ പോറ്റിയുടെ പുളിമാത്തുള്ള വസതിയിൽ കണ്ടിരുന്നതായി അയൽവാസിയായ വിക്രമൻ നായർ മൊഴി നൽകിയിട്ടുണ്ട്. ഇതിനിടെയാണ് പുതിയ ചിത്രം പുറത്തുവന്നത്. അടുത്ത ബന്ധമുണ്ടെന്ന് സൂചിപ്പിക്കുന്നതാണ് ചിത്രം.

യുറേനിയം സമ്പുഷ്ടീകരണം അവസാനിപ്പിക്കില്ല, യുഎസിന്റെ സൈനികവിന്യാസത്തെ ഭയക്കുന്നുമില്ല: ഇറാൻ

ടെഹ്റാൻ: രാജ്യം യുറേനിയം സമ്പുഷ്ടീകരണം ഒരിക്കലും അവസാനിപ്പിക്കില്ലെന്ന് ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഘ്ചി. മേഖലയിൽ ശക്തമായിക്കൊണ്ടിരിക്കുന്ന യുഎസിന്റെ സൈനിക സാന്നിധ്യത്തിൽ രാജ്യത്തിന് ഭയമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അമേരിക്കയെ ഇറാന് വിശ്വാസമില്ലെന്നും പുതുക്കിയ ആണവ ഉടമ്പടികളിൽ ഗൗരവപൂർണമായ നിലപാടാണോ യുഎസിനുള്ളതെന്നും അരാഘ്ചി ആരാഞ്ഞു. തന്ത്രപ്രധാന പങ്കാളികളായ ചൈനയും റഷ്യയുമായി ഇറാൻ ചർച്ചകൾ നടത്തുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യുദ്ധം അടിച്ചേൽപിക്കപ്പെട്ടാലും സമ്പുഷ്ടീകരണത്തിൽ നിന്ന് പിന്മാറാതെ എന്തുകൊണ്ടാണ് അതിനുവേണ്ടി നാം നിർബന്ധം പിടിക്കുന്നത്? കാരണം, നമ്മുടെ പ്രവർത്തനങ്ങൾ എങ്ങനെ വേണമെന്ന് നിശ്ചയിക്കാനുള്ള അവകാശം മറ്റാർക്കുമില്ല, നമുക്കാണുള്ളത്, അരാഘ്ചി പറഞ്ഞു. യുഎസിന്റെ സൈനികവിന്യാസം ഇറാനെ ഭയപ്പെടുത്തില്ലെന്നും അമേരിക്കയുടെ വിമാനവാഹിനിക്കപ്പൽ യുഎസ്എസ് അബ്രഹാം ലിങ്കണിന്റെ വരവിനെ പരാമർശിച്ച് മന്ത്രി വ്യക്തമാക്കി.

കഴിഞ്ഞകൊല്ലം ജൂൺമാസത്തിൽ 12 ദിവസം നീണ്ടുനിന്ന ഇറാൻ–ഇസ്രയേൽ യുദ്ധത്തിന് പിന്നാലെ ഇക്കഴിഞ്ഞ വെള്ളിയാഴ്ചയാണ് യുഎസ്–ഇറാൻ ചർച്ചകൾ പുനഃരാരംഭിച്ചത്. ഒമാനിലായിരുന്നു ചർച്ച. ആണവ പദ്ധതിയുമായി ബന്ധപ്പെട്ട നിലപാടുകൾ കൈക്കൊള്ളുന്നതിന് പകരമായി യുഎസ് തങ്ങൾക്കുമേൽ ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തിക ഉപരോധം പിൻവലിക്കണമെന്നാണ് ഇറാന്റെ ആവശ്യം. ചർച്ച നടന്ന് രണ്ടുദിവസത്തിനുശേഷം ഞായറാഴ്ചയാണ് അരാഘ്ചിയുടെ പ്രതികരണമെന്നത് ശ്രദ്ധേയമാണ്.

കോടതി പരസ്യം

ബഹു. ചാലക്കുടി മുൻസിഫ് കോടതി മുമ്പാകെ

FD: IA: 2/2025
O.S: 544 / 2023

ജോഷി
–ഹർജിക്കാരൻ (വാദി)
ചാലക്കുടി താലൂക്ക് കുറ്റിച്ചിറ ദേശത്ത് കുണ്ടൂക്കാരൻ വീട്ടിൽ വറീത് മകൾ ലിസി
–എതൃകക്ഷി (പ്രതി)

മേൽ നമ്പർ ഹർജി കാര്യത്തിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **23–02–2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം പകൽ 11 മണിക്ക് എതൃകക്ഷിയോ ടിയാരി അധികാരപ്പെടുത്തുന്ന വക്കീലോ ബഹു. കോടതി മുമ്പാകെ ഹാജരായി മേൽ സംഗതിക്ക് ആക്ഷേപം ബോധിപ്പിക്കാത്ത ഹരജി എതൃകക്ഷിയെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന് 06/02/2026
ഹർജിക്കാരൻ ഭാഗം
അഡ്വക്കെറ്റ്
സണ്ണി കെ മഞ്ഞളി
(ഒപ്പ്)

COURT NOTICE

BEFORE THE HONOURABLE DISTRICT CONSUMER DISPUTES REDRESSAL COMMISSION AT THRISSUR
CC.No. 358 of 2025

COMPLAINANT:
Manu K. S. aged 27 years, S/o Sudhakaran, Kallikadavil House, Muthrathikara, Parappukkara P.O, Thrissur-680310.
OPPOSITE PARTIES: 1
M/s Air India Ltd. Rep. By its Regional Manager, Trinity Shopping Complex, Opp. Head Post Office, Thrissur, Kerala 680001. Ph: 0487-2420690.
Please take notice that the above case is posted to **10.4.2026** for the appearance of respondent. So you are hereby directed to appear before the Honb'le Court either in person or through your advocate at 11 A.M on 10.4.2026 Otherwise you will be set Ex-Parte and the matter will be heard and decided in your absence.

Dated: 9-2-2026
Adv P.R.Neelakandan Namboodiri (Sd/-)
Counsel for Petitioner

തിരുവല്ലയിൽ നഴ്സിംഗ് വിദ്യാർത്ഥി ജീവനൊടുക്കി

തിരുവല്ല: മൊബൈൽ ഫോൺ തകരാറിലായതിനെത്തുടർന്നുണ്ടായ മനോവിഷമത്തിൽ നഴ്സിംഗ് വിദ്യാർത്ഥി വീടിനുള്ളിൽ തൂങ്ങിമരിച്ചു. തിരുവല്ല കുറ്റൂർ സ്വദേശി ആരോൺ അനിൽ ജോസ് (19)ആണ് മരിച്ചത്. ഞായറാഴ്ച രാത്രി 9മണിയോടെയായിരുന്നു സംഭവം. തമിഴ്നാട്ടിലെ നഴ്സിംഗ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥിയാണ് ആരോൺ. കഴിഞ്ഞ രണ്ട് ദിവസമായി ആരോണിന്റെ മൊബൈൽ ഫോൺ പ്രവർത്തനരഹിതമായിരുന്നു. ഫോൺ നന്നാക്കാൻ സാധിക്കാത്തതിലും പകരം പിതാവിന്റെ ഫോൺ ലഭിക്കാത്തതിലുമുള്ള കടുത്ത മനോവിഷമത്തിലായിരുന്നു യുവാവെന്ന് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമാകുന്നു.മൊബൈൽ ഫോൺ അഡിക്റ്റായിരുന്ന ആരോൺ. ഫോൺ തകരാറിലായതോടെ ആരോടും സംസാരിക്കാതെ ഉൾവലിഞ്ഞ പ്രകൃതക്കാരനായി മാറിയിരുന്നു. വീട്ടിൽ പിതാവിനൊപ്പമായിരുന്നു താമസം.

കലിപ്പ് മാറാതെ ശ്രീലേഖ; പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചാ സംഘത്തിൽ ഇല്ല, വിശദീകരണവുമായി ബിജെപി

തിരു : പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്താനുള്ള തിരുവനന്തപുരം കോർപ്പറേഷനിലെ ബിജെപി കൗൺസിലർമാരുടെ സംഘത്തിൽ ആർ ശ്രീലേഖ ഇല്ലെന്ന് വിവരം. ഇന്ന് ഉച്ചക്ക് 12.30നുള്ള കേരള എക്സ്പ്രസ് ട്രെയിനിലാണ് മേയർ വി വി രാജേഷ് ഉൾപ്പെടുന്ന സംഘം ഡൽഹിയിലേക്ക് പുറപ്പെടുന്നത്. കൗൺസിലർമാരും മുൻസിപ്പാലിറ്റി പഞ്ചായത്ത് അദ്ധ്യക്ഷന്മാരും സംഘത്തിൽ ഉണ്ടാകും.

എംആർ ഗോപനും ശ്രീലേഖയും സംഘത്തിൽ ഇല്ലെന്നാണ് വിവരം. ഇരുവരുടെയും അമ്മമാർക്ക് അസുഖമായതിനാൽ യാത്രയിൽ പങ്കെടുക്കാനുള്ള അസൗകര്യം അറിയിച്ചിരുന്നുവെന്നാണ് ബിജെപി നേതൃത്വം നൽകുന്ന വിശദീകരണം. എന്നാൽ വിമാനമാർഗം ശ്രീലേഖ എത്തുമോയെന്ന കാര്യം അറിയില്ലെന്നും ബിജെപി കൗൺസിലർമാർ പ്രതികരിച്ചു. ട്രെയിൻ യാത്രക്കായി എല്ലാവർക്കും ഒരുമിച്ചാണ് ടിക്കറ്റ് എടുത്തതെന്നാണ് കൗൺസിലർമാർ പറയുന്നത്. വ്യാഴാഴ്ചയാണ് മോദിയുമായുള്ള കൂടിക്കാഴ് നടക്കുന്നത്.

തിരുവനന്തപുരത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള പിന്തുണ ഉറപ്പാക്കുകയാണ് സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യമെന്നാണ് വിവരം. നഗരത്തിന്റെ പ്രാഥമിക വികസന രേഖ ഇതിനോടകം തന്നെ പ്രധാനമന്ത്രിക്ക് കൈമാറിയിട്ടുണ്ടെന്നും വാർഡ് സഭ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

യുവജന കമ്മീഷൻ അദാലത്ത്; 16 പരാതികൾ തീർപ്പാക്കി

തൃശൂർ: കേരള സംസ്ഥാന യുവജന കമ്മീഷൻ തൃശ്ശൂർ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ജില്ലാ അദാലത്തിൽ 30 പരാതികൾ പരിഗണിച്ചു. 16 പരാതികൾ പരിഹരിച്ചു. 14പരാതികൾ അടുത്ത സിറ്റിംഗിലേക്ക് മാറ്റി. പുതിയതായി 5 പരാതികൾ ലഭിച്ചു. കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിൽ യുവജന കമ്മീഷൻ ചെയർമാൻ എം. ഷാജർ അധ്യക്ഷത വഹിച്ചു.

യുവജനങ്ങളിലെ ജീവിത ശൈലീമാറ്റങ്ങളെയും മാനസികക്ഷേമത്തെയും സംബന്ധിച്ച് യുവജന കമ്മീഷൻ നടത്തുന്ന ശാസ്ത്രീയപഠനത്തിന് തുടക്കം കുറിച്ചതായി കമ്മീഷൻ ചെയർപേഴ്സൺ എം. ഷാജർ പറഞ്ഞു. കേരളത്തിലെ പൊതുമണ്ഡലത്തിലും സാമൂഹ്യജീവിതത്തിലും യുവജനങ്ങൾ നേരിടുന്ന സംഘർഷങ്ങളെപ്പറ്റി ശാസ്ത്രീയമായി പഠനവിധേയമാക്കുകയാണ് ലക്ഷ്യമെന്നും പഠനത്തിന്റെ കണ്ടെത്തലുകൾ റിപ്പോർട്ടായി സർക്കാരിനു സമർപ്പിക്കുമെന്നും കമ്മീഷൻ ചെയർപേഴ്സൺ പറഞ്ഞു.

ജോലി വാഗ്ദാനം നൽകി പണം തട്ടിയ പരാതി, വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ശമ്പളം കുടിശ്ശിക ലഭിക്കുന്നത്, പാമ്പുകളെ റസ്ക്യൂ ചെയ്യുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നത്,ഗാർഹിക - മാനസിക പീഡനം സംബന്ധിച്ച പരാതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ചേർക്കുന്നത്, സാമൂഹികമാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തൽ, വിസ തട്ടിപ്പ്, സ്വകാര്യസ്ഥാപനത്തിലെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നത്, പി.എസ്.സി തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചു.

കമ്മീഷൻ അംഗങ്ങളായ അഡ്വ. ഗ്രീഷ്മ അജയഘോഷ്, കെ. ഷാജഹാൻ, വിജിത പി.സി., രൺദീപ് പി.പി, അഡ്മിനിട്രേറ്റീവ് ഓഫീസർ കെ. ജയകുമാർ, അസിസ്റ്റന്റ് അഭിഷേക് പി. തുടങ്ങിയവർ പങ്കെടുത്തു.

ഇരിങ്ങാലക്കുട എസ് എൻ ബി എസ് സമാജം വക വിശ്വനാഥപുരം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ കാവടി പൂര മഹോത്സവത്തോടനുബന്ധിച്ച് നടന്ന ആറാട്ട്. രാകേഷ് തന്ത്രി, മണി ശാന്തി എന്നിവർ നേതൃത്വം നൽകി

കേരളത്തിലെ കുടുംബാന്തരീക്ഷം കലുഷിതമാകുന്നതിനു കാരണം മദ്യമാണെന്ന് ലീലാമ്മ തോമസ്

തൃശൂർ: കേരളത്തിലെ മഹാ ഭൂരിപക്ഷം കുടുംബങ്ങളും പലവിധ തകർച്ചകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ പിന്നിലെ പ്രധാന വില്ലൻ മദ്യവും മറ്റു ലഹരിവസ്തുക്കളുമാണെന്ന് മദ്യ വിമോചന മഹാ സഖ്യം ഉപ രക്ഷാധികാരിയും കെപിസിസി അംഗവുമായ ലീലാമ്മ തോമസ് ടീച്ചർ പ്രസ്താവിച്ചു. ലഹരിവിമുക്ത കേരളത്തിന് വേണ്ടി ഇക്കൊല്ലം 108 മണിക്കൂർ ഉപവാസം അനുഷ്ഠിച്ച മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫിന്റെ ഉപവാസ പന്തലിൽ ലഹരിവിരുദ്ധ വനിതാ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ലീലാമ്മ തോമസ്. കേരളത്തിൽ 40 വയസ്സിന് താഴെയുള്ള വിധവകളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നു. സ്ത്രീകൾ നിരാലംബരാകുന്നു. ഇതിന് പ്രധാന കാരണം പുരുഷന്മാരുടെ ലഹരി ഉപയോഗമാണെന്ന് അവർ പറഞ്ഞു.

സംഗമത്തിൽ മഹിളാ കോൺഗ്രസ് തൃശൂർ ജില്ലാ വൈസ് പ്രസിഡന്റ് ബിന്ദു കുമാരൻ അദ്ധ്യക്ഷത വഹിച്ചു.

ഡിസിസി ജനറൽ സെക്രട്ടറി സി ബി ഗീത മുഖ്യ പ്രഭാഷണം നടത്തി. തൃശൂർ കോർപറേഷൻ കൗൺസിലർമാരായ അബിളി സി എം, വത്സല ബാബുരാജൻ, രശ്മി ഉണ്ണികൃഷ്ണൻ, സിന്റോമോൾ, ശാരി കിഷോർ, മഹിളാ കോൺഗ്രസ് നേതാക്കളായ രജനി സുബ്രഹ്മണ്യൻ, എം സി ഗ്രേയ്സി, പ്രിയ സുരേന്ദ്രൻ, സഫിയ ജമാൽ, ലീന പ്രഹ്ലാദൻ എന്നിവർ പ്രസംഗിച്ചു.

അമലയിൽ ചീഫ് നേഴ്സിങ് ഓഫീസർമാരുടെ ദേശീയ സമ്മേളനം

അമല മെഡിക്കൽ കോളേജിൽ നടത്തിയ ചീഫ് നേഴ്സിങ് ഓഫീസർമാരുടെ ദേശീയ സമ്മേളനം നെക്സസ് -26 ന്റെ ഉദ്ഘാടനം അമല ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ സി. എം. ഐ നിർവഹിച്ചു. ജസ്റ്റിസ് കുര്യൻ ജോസഫ് ഓൺലൈനിൽ മുഖ്യപ്രഭാഷണം നടത്തി തുടർന്ന് സി. എൻ. ഒ.ആർക്കിടെക്റ്റ് ഓഫ് നേഴ്സിംഗ് കൾചർ എന്ന വിഷയത്തിൽ നടന്ന പാനൽ ഡിസ്കഷനിൽ അമലയിലെ ഡോ. ഡിജോ ഡേവിസ് മോഡറേറ്റർആയിരുന്നു ഇന്ത്യയിലെ വിവിധ ആശുപത്രികളിലെ ചീഫ് നേഴ്സിങ് ഓഫീസർമാർ അനുഭവങ്ങളും ആശയങ്ങളും പങ്കുവച്ചു അമലയിലെ ചീഫ് നഴ്സിംഗ് ഓഫീസർ സിസ്റ്റർ ലിഖിത എം.എസ്.ജെ പരിപാടികൾക്ക് നേതൃത്വം നൽകി

കാർ വൈദ്യുതി പോസ്റ്റിലിടിച്ച് അപകടം

തൃശ്ശൂർ:മണ്ണംപേട്ട കരുവാപ്പടിയിൽ നിയന്ത്രണം വിട്ട കാർ വൈദ്യുതി പോസ്റ്റിലിടിച്ച് അപകടം. അപകടത്തിൽ ആർക്കും പരിക്കില്ല.

അമലയിൽ ലോക ക്യാൻസർ ദിനാചരണം

തൃശൂർ: അമല മെഡിക്കൽ കോളേജിൽ നടത്തിയ ലോക ക്യാൻസർ ദിനാചരണത്തിന്റെ ഉദ്ഘാടനം ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ സി. എം. ഐ നിർവഹിച്ചു. ജോയിന്റ് ഡയറക്ടർ ഫാ. ഡെൽജോ പുത്തൂർ സി. എം. ഐ മെഡിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. അനിൽ ജോസ് താഴത്ത്, റേഡിയേഷൻ മേധാവി ഡോ. ജോമോൻ റാഫേൽ, സർജിക്കൽ ഓങ്കോളജിസ്റ്റ് ഡോ. അരുൺ കെ ബാലൻ എന്നിവർ പ്രസംഗിച്ചു. ബോധവൽക്കരണ റാലി, സ്കിറ്റ്, മ്യൂസിക് തെറാപ്പി എന്നിവയും നടത്തി.

ദേശീയ സെമിനാർ സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് (ഓട്ടണോമസ്) രസതന്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ "ആയുർവേദത്തിലെ ശാസ്ത്രീയ ഗവേഷണങ്ങളിലെ പുതിയ പ്രവണതകൾ: ഒരു രസതന്ത്ര സമീപനം" എന്ന വിഷയത്തിൽ ഫെബ്രുവരി 6, 7 തീയതികളിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ)യുടെ പിന്തുണയോടെ സംഘടിപ്പിച്ച സെമിനാർ സി.എസ്.ഐ.ആർ എൻ.ഐ. ഐ.എസ്.ടി, തിരുവനന്തപുരം ചീഫ് സയന്റിസ്റ്റും ആയുർവേദ ഗവേഷണ കേന്ദ്രം മേധാവിയുമായ ഡോ. രാധാകൃഷ്ണൻ കെ. വി. ഉദ്ഘാടനം നിർവഹിച്ചു. ആധുനിക രസതന്ത്രത്തിന്റെ സഹായത്തോടെ ആയുർവേദത്തെ നവീകരിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് അദ്ദേഹം പ്രസംഗിച്ചു.

കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസി അധ്യക്ഷത വഹിച്ച ചടങ്ങിൽ രസതന്ത്ര വിഭാഗം മേധാവിയും സെമിനാർ കോ-ഓർഡിനേറ്ററുമായ ഡോ. ബിബിത ജോസഫ് സ്വാഗതം പറഞ്ഞു.

സെമിനാറിന്റെ ഭാഗമായി ബയോകെമിസ്ട്രിയും ആയുർവേദവും തമ്മിലുള്ള ബന്ധം, മൾട്ടി-ഡ്രഗ് റെസിസ്റ്റന്റ് രോഗങ്ങൾക്കെതിരായ ആയുർവേദ സമീപനങ്ങൾ, ആയുർവേദവുമായി ബന്ധപ്പെട്ട രസതന്ത്ര ഉപകരണങ്ങൾ, ഡ്രഗ് ഡിസ്കവറിയിൽ നാച്ചുറൽ പ്രൊഡക്ടുകളുടെ പങ്ക് തുടങ്ങിയ വിഷയങ്ങളിൽ പ്രമുഖ ശാസ്ത്രജ്ഞർ ക്ലാസുകൾ നയിച്ചു.

ഡോ. കയീൻ വടക്കൻ (അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തൃശൂർ), ഡോ. ആശിഷ് ജി. ആർ. (വൈദ്യരത്നം ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൈക്കാട്ടുശ്ശേരി), ഡോ. രമ്യ രമേഷ് (സി.എസ്.ഐ.ആർ ഐ.ഐ.സി.ടി, ഹൈദരാബാദ്), രാജഗോപാൽ മുരളീധരൻ (ബയോടെക്നോളജി വിഭാഗം, സെന്റ് ജോസഫ്സ് കോളേജ്) എന്നിവർ പ്രഭാഷകരായിരുന്നു.

പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഓറൽ, പോസ്റ്റർ അവതരണങ്ങൾക്ക് അവസരം ഒരുക്കിയ ഈ സെമിനാർ ശാസ്ത്രീയ ചർച്ചകൾക്കും അറിവ് പങ്കുവയ്ക്കലിനും മികച്ച വേദിയായി. ആയുർവേദത്തിന്റെ ശാസ്ത്രീയ വിശ്വാസ്യത വർധിപ്പിക്കുന്നതിൽ രസതന്ത്ര ഗവേഷണങ്ങളുടെ പ്രാധാന്യം എടുത്തുകാട്ടുന്നതായിരുന്നു സെമിനാറിന്റെ പ്രധാന നേട്ടം.

ഒല്ലൂർ ഫിലിം ക്ലബ്ബ് രൂപീകരിച്ചു

ഒല്ലൂർ: കോർപ്പറേഷൻ ഒല്ലൂർ സോണലിലെ 8 ഡിവിഷനുകൾ സഹകരിച്ച് രൂപീകരിച്ച ഒല്ലൂർ ഫിലിം ക്ലബ്ബിന്റെ ആദ്യയോഗം വ്യാപാരഭവൻ ഹാളിൽ കൗൺസിലർ പോളി ജോസിന്റെ അദ്ധ്യക്ഷതയിൽ കൂടി. എ. രാധാകൃഷ്ണൻ, ചെറിയാൻ ജോസഫ് എന്നിവർ പ്രവർത്തനങ്ങ ളെക്കുറിച്ച് വിശദീകരിച്ചു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് കൗൺസിലർ രശ്മി ഉണ്ണികൃഷ്ണൻ, സുനീഷ് ജോൺസൻ, സുരേഷ് എടക്കുന്നി, ശശി പോട്ടയിൽ, സി.എ. ജോസഫ്, പ്രൊഫ. വി.എ. വർഗ്ഗീസ്, ടി.വി. സണ്ണി, ഡോ. എ.സി. ജോസ്, ബേബി മൂക്കൻ എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് നടന്ന ചർച്ചയിൽ എം.സി. തൈക്കാട്, എ.എ. ജോസ്, അഡ്വ. അജിത് ബാബു, കെ. ആർ. ഔസേഫ്, ഓമന ഡേവീസ് തുടങ്ങിയവർ പങ്കെടുത്തു. കമ്മി രൂപീകരണവും നടന്നു.

സ്വർണ്ണം ഇന്ന് 1640 രൂപ കൂടി

തൃശ്ശൂർ: സംസ്ഥാനത്ത് ഇന്ന് സ്വർണവിലയിൽ വർധനവ് രേഖപ്പെടുത്തി. സ്വർണം ഗ്രാമിന് 205 രൂപയും പവന് 1,640 രൂപയുമാണ് വർധിച്ചത്. ഗ്രാമിന് 14,560 രൂപയും പവന് 1,16,480 രൂപയുമാണ് ഇന്നത്തെ വില.

ജോസ് മഞ്ഞില-പ്രസിഡണ്ട് ബാബുരാജ്-സെക്രട്ടറി

ജോസ് മഞ്ഞില

ബാബുരാജ്

സംഗമ സാഹിതി ഇരിങ്ങാലക്കുടയുടെ വാർഷിക പൊതുയോഗം നടത്തി. രാധാകൃഷ്ണൻ കിഴുത്താണി അദ്ധ്യക്ഷത വഹിച്ചു അരുൺ ഗാന്ധിഗ്രാം, കെ. വേണുഗോപാൽ എന്നിവർ സംസാരിച്ചു. ജോസ് മഞ്ഞില പ്രസിഡണ്ട്), ഇരിങ്ങാലക്കുട ബാബുരാജ് സെക്രട്ടറി/രാധാകൃഷ്ണൻ കിഴുത്താണി ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

ഡിയോൺ ജോയ്
ചികിത്സ സഹായനിധി

തിയ്യതി: 05.02.2026

പ്രിയ സുഹൃത്തുക്കളെ,

തൃശൂർ ജില്ലയിലെ പുതുക്കാട് പഞ്ചായത്ത് തെക്കെ തൊറവിൽ താമസിക്കുന്ന നടക്കലാൻ ജോയ് & മിജി ജോയ് ദമ്പതികളുടെ മകൻ 10-ാം ക്ലാസ്സ് വിദ്യാർത്ഥി ഡിയോൺ ജോയ് (വയസ്സ് 15) ബ്ലഡ് കാൻസർ ബാധിച്ച് 2025 ജൂൺ മാസം മുതൽ വെല്ലൂർ സിഎംസി മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഇപ്പോൾ അടിയന്തിരമായി മജ്ജ മാറ്റിവെയ്ക്കാൻ ഡോക്ടർമാർ നിർദ്ദേശിച്ചിരിക്കുകയാണ്. ഇതുവരെ ചികിത്സക്കായി ഏകദേശം 40 ലക്ഷത്തോളം രൂപ ചിലവ് വന്നു. മജ്ജ മാറ്റി വെയ്ക്കാനും തുടർ ചികിത്സക്കുമായി ഇനിയും 50 ലക്ഷം രൂപയോളം ചിലവ് വരും. ഈ തുക കണ്ടെത്തുന്നതിനുവേണ്ടി ഡിയോൺ ജോയ് ചികിത്സ സഹായ സമിതി രൂപീകരിച്ചിരിക്കുകയാണ്. നല്ലവരായ എല്ലാ സുമനസ്സുകളുടെയും സഹായങ്ങൾ താഴെ കാണുന്ന എക്കൗണ്ട് നമ്പറിലേക്ക് അയച്ച് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്, സ്നേഹപൂർവ്വം

രക്ഷാധികാരികൾ:
ശ്രീ. കെ.കെ.രാമചന്ദ്രൻ
എം.എൽ.എ. പുതുക്കാട്
ശ്രീമതി. ഒലി ബാബു
പ്രസിഡണ്ട്, പുതുക്കാട് ഗ്രാമപഞ്ചായത്ത്
റവ.ഫാ.ക്രിസ്റ്റോൺ പെരുമാട്ടിൽ
വികാരി, സെന്റ് ആന്റണീസ് ചർച്ച്, ഞാറയ്

ചെയർമാൻ:
ശ്രീ. ശരത്ത് പി. വി.
16-ാം വാർഡ് മെമ്പർ
വൈസ് ചെയർമാൻമാർ:
ശ്രീ. കെ. ഒെ. ജോജു
15-ാം വാർഡ് മെമ്പർ
ശ്രീമതി. സൗമ്യ ടീച്ചർ
17-ാം വാർഡ് മെമ്പർ

പ്രസിഡണ്ട്:
ശ്രീ. വർഗ്ഗീസ് തെക്കേത്തല
സെക്രട്ടറി:
ശ്രീ. ജോയ് എൻ. എൽ.
ട്രഷറർ:
ശ്രീമതി. ഫിലോമിന
ഫ്രാൻസീസ്

SCAN & PAY
G Pay
8547431917 - MIJI
7012838513 - DONA
9895430404 - JOY

A/c No. : 44886102495
IFSE Code : SBIN0008675
STATE BANK OF INDIA
BRANCH : THURAVU

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ലോകം
വിരുന്ന്
വരുന്നു

നേട്ടങ്ങളുടെ നെറുകയിൽ കേരള ടൂറിസം

സർവകാല നേട്ടങ്ങളുമായി കേരള ടൂറിസം ചരിത്രം കുറിക്കുന്നു. സഞ്ചാരികളുടെ വരവിലും വരുമാനത്തിലും റെക്കോർഡുകൾ, പൈതൃക പ്രകൃതി സംരക്ഷണവും വികസനവും കൈകോർത്ത് മുന്നേറുന്ന മാതൃക

വിസ്മയ തീരങ്ങൾ
- ലോകോത്തര ബീച്ച് ഡെസ്റ്റിനേഷനുകൾ - കോവളം, വർക്കല, ഫോർട്ട് കൊച്ചി,ആലപ്പുഴ, വൈപ്പിൻ, ബേപ്പൂർ, ചാലിയം, മുഴപ്പിലങ്ങാട്, ബേക്കൽ
- കാപ്പാട്, അഴീക്കോട് ബീച്ചുകൾക്ക് ബ്ലൂ ഫ്ലാഗ് പദവി
- 2010ന് ശേഷം ആദ്യമായി കെ.ടി.ഡി. സി ലാഭത്തിലേക്ക്

പൈതൃകവും സംസ്കാരവും മുൻനിരയിൽ
- സഞ്ചാരികളെ ആകർഷിച്ച് കൊച്ചി മുസിരിസ് ബിനാലെ
- ഹെറിറ്റേജ് കെട്ടിടങ്ങൾക്ക് ദീപാലങ്കാരം
- പൈതൃക ടൂറിസം സ്പോട്ടുകൾ ബന്ധിപ്പിച്ച് 'സ്പൈസസ് റൂട്ട്'
- ഗോത്ര സംസ്കൃതിയുടെ കാഴ്ചകളുമായി വയനാട്ടിൽ 'എൻ ഊര്' ട്രൈബൽ ഹെറിറ്റേജ് വില്ലേജ്
- സിനിമയിലൂടെ പ്രശസ്തമായ ഇടങ്ങളെ ടൂറിസം കേന്ദ്രങ്ങളാക്കുന്ന പദ്ധതി-കിരീടം പാലം പൂർത്തിയായി

പ്രാദേശിക ടൂറിസം വികസനത്തിന് 46 പദ്ധതികൾ
- ടൂറിസം മേഖലയിൽ സ്വകാര്യ സംരംഭകർക്ക് അവസരമൊരുക്കി
- കാരവൻ പാർക്കുകൾ സ്ഥാപിച്ചു- വാഗമൺ,മലമ്പുഴ
- കേരളത്തെ ഡെസ്റ്റിനേഷൻ വെഡ്ഡിങ് ഹബ്ബാക്കി
- വാഗമണ്ണിൽ അഡ്വഞ്ചർ പാർക്കും ഗ്ലാസ് ബ്രിഡ്ജും
- കയാക്കിംഗ്, സർഫിംഗ് അക്കാദമികൾക്ക് തുടക്കം

ഉത്തരവാദിത്ത ടൂറിസത്തിൽ പുതിയ മാതൃകകൾ
- സ്ത്രീ സംരംഭകർക്ക് പിന്തുണ
- വള്ളംകളി സംസ്കാരം സംരക്ഷിക്കാനും ടൂറിസം പ്രോത്സാഹിപ്പിക്കാനും ചാമ്പ്യൻസ് ബോട്ട് ലീഗ് ആരംഭിച്ചു

പ്രധാന ടൂറിസം വികസന പദ്ധതികൾ
- കോവളം - 93 കോടി
- ആലപ്പുഴ ഹെറിറ്റേജ് - 122 കോടി
- തലശ്ശേരി ഹെറിറ്റേജ് - 78.16 കോടി
- മുഴപ്പിലങ്ങാട്, ധർമ്മടം ബീച്ചുകൾ - 80 കോടി

ദേശീയ-അന്തർദേശീയ അംഗീകാരങ്ങൾ
- ബേപ്പൂർ, കാന്തല്ലൂർ, കടലുണ്ടി, കുമരകം സമഗ്ര ടൂറിസം പദ്ധതിക്ക് ദേശീയ അംഗീകാരം
- ലോക ടൂറിസം മാർട്ടിൽ സ്ട്രീറ്റ് പദ്ധതിക്ക് അവാർഡ്
- ലോകത്ത് കണ്ടിരിക്കേണ്ട 53 ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായി കേരളം (ന്യൂയോർക്ക് ടൈംസ്)
- ലോകത്ത് കണ്ടിരിക്കേണ്ട 50 ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായി കേരളം (ടൈംസ് മാഗസിൻ)
- ഇന്ത്യയിലെ ടൂറിസം വികസനത്തിൽ ഒന്നാം സ്ഥാനം നേടിയതിന് ഇന്ത്യ ടുഡേ അവാർഡ്
- ബെർളിൻ ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡ്
- ഗവണ്മെന്റ് ഓഫ് ഇന്ത്യ, ഐസിആർടി, ഐക്യരാഷ്ട്രസഭയുടെ ലോക ടൂറിസം സംഘടന (UNWTO) തുടങ്ങിയവയുടെ അവാർഡുകൾ നേടി